(എഫ്) നിലവിലെ റാങ്ക് ലിസ്റ്റിൽനിന്നും 485 പേരെ വനിതാ സിവിൽ പോലീസ് ഓഫീസർമാരായി നിയമിക്കാൻ നടപടി പൂർത്തിയാക്കി ട്രെയിനിംഗ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്ക് തസ്തികമാറ്റം വഴി നിയമനം

17 (3520) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.-യിലെ ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്ക് അസിസ്റ്റന്റ് കാറ്റഗറിയിലേയ്ക്ക് തസ്തികമാറ്റം വഴി, ആദ്യം 2% വും പിന്നീട് 4% വും നിയമനം നൽകുന്ന ഉത്തരവ് പ്രകാരം, 2006 ജനുവരി മുതൽ ഇന്നു വരെ നിയമനം നടത്തിയിട്ടുള്ളത്എപ്രകാരമാണെന്ന വിവരം ലഭ്യമാക്കുമോ;

(ബി) 2006 മുതൽ 2011 ജനുവരി വരെ ടേൺ നിശ്ചയിച്ച് ശതമാനക്കണക്കിൽ നൽകിവരുന്ന പ്രസ്തുത പ്രൊമോഷൻ ഉത്തരവിൽ പറയാത്ത കേഡർ സ്ട്രെങ്ത്തിലേയ്ക്ക് മാറ്റാനുണ്ടായ കാരണം വ്യക്തമാക്കുമോ;

(സി) പി.എസ്.സി.- യിൽ തസ്തികമാറ്റം വഴി താഴ്ന്നവിഭാഗം ജീവനക്കാർക്ക് അവസാനമായി നിയമനം നൽകിയ തീയതി, അതിന് ശേഷം എത്ര അസിസ്റ്റന്റ് ഒഴിവുകൾ വന്നിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

(ഡി) അട്ടിമറിക്കപ്പെട്ട പ്രസ്തുത പ്രൊമോഷൻ പുനഃപരിശോധിച്ച് നിലവിലെ ഉത്തരവ് പ്രകാരം പുനഃസ്ഥാപിക്കുമോ; പ്രസ്തുത ഉത്തരവ് അട്ടിമറിച്ചവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുമോ;

(ഇ) ആയത് സംബന്ധിച്ച ഫയലിലെ കുറിപ്പ് പേജുകളുടെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) 25-01-2006-ലെ G.O.(Ms)No.31/06/GAD പ്രകാരം അസിസ്റ്റന്റ് തസ്തികയുടെ കേഡർ സ്ട്രെങ്ത്തിന്റെ 2% ഒഴിവുകളാണ് തസ്തികമാറ്റം വഴിയുള്ള ജീവനക്കാർക്ക് നൽകിയിരുന്നത്. നൂറ് ഒഴിവ് വരുമ്പോൾ പതിനൊന്നാമത്തെയും അറുപത്തി ഒന്നാമത്തെയും ഒഴിവുകൾ ഈ വിഭാഗത്തിനായി മാറ്റിവച്ചിരുന്നു. കേഡർ സ്ട്രെങ്ത്തിന്റെ 2% കഴിയാതിരുന്നതിനാൽ ഈ രീതിയിൽ തസ്തികമാറ്റം നൽകി വന്നിരുന്നു. എന്നാൽ 2010-ൽ തസ്തികമാറ്റം വഴിയുള്ള നിയമനം 4% ആക്കി ഉയർത്തി. തുടർന്ന് 227 അസിസ്റ്റന്റ് കേഡർ സ്ട്രെങ്ത്തിന്റെ 4% ആയ 9 പേർക്ക് തസ്തികമാറ്റം വഴി നിയമനം നൽകി Quota പൂർത്തിയാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 19-2-2013 പ്രസ്തുത നിയമനത്തിന് ശേഷം പി.എസ്.സിയിൽ അസിസ്റ്റന്റ് തസ്തികയിൽ 100 ഒഴിവുകൾ നിലവിൽ വന്നിരുന്നു.

(ഡി) അതാത് കാലത്തെ സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായി തസ്തികമാറ്റം വഴി നിയമനം നൽകിയിട്ടുണ്ട്.

(ഇ) ബാധകമല്ല.

ഫയലുകൾ കൊണ്ട് വീർപ്പുമുട്ടുന്ന സ്ഥിതിവിശേഷം

18 (3521) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എം. ഹംസ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകൾ പേപ്പർ രഹിതമായിക്കൊണ്ടിരിക്കുകയാണെന്ന് അവകാശപ്പെടുമ്പോഴും ലഭിക്കുന്ന അപേക്ഷകളിൽ യഥാസമയം തീർപ്പാക്കാൻ കഴിയാതെ ഫയലുകൾ കൊണ്ട് വീർപ്പുമുട്ടുന്ന സ്ഥിതി വിശേഷം നിലനില്ക്കുകയാണെന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(ബി) ഫയലുകൾ കുന്നുകൂടിക്കൊണ്ടിരിക്കുന്ന വകുപ്പുകളെ സംബന്ധിച്ചും ആയതിന്റെ കാരണങ്ങൾ സംബന്ധിച്ചും പരിശോധിക്കാമോ;

(സി) ഇ-ഡിസ്ട്രിക്ട് പദ്ധതി ഫലപ്രദമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണ്; വിശദമാക്കാമോ; ഇതിനകം ഏതെല്ലാം വകുപ്പുകളിൽ പൂർണ്ണമായും നടപ്പിൽ വരുത്തിയിട്ടുണ്ട്;

(ഡി) സുതാര്യത ഉറപ്പാക്കാനും അഴിമതിക്കാർക്ക് സംരക്ഷണം ലഭിക്കുന്ന സ്ഥിതി ഇല്ലാതാക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആധുനിക സാങ്കേതിക വിദ്യകളും അതിനനുസരിച്ചുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയ വകുപ്പുകളിൽ ഫയൽ നീക്കം ത്വരിതഗതിയിലാണ് നടക്കുന്നത്. ഓൺലൈനായി ഫയൽ നീക്കം നടത്താൻ കഴിയുമെന്നതിനാൽ ഫയലുകൾ കെട്ടിക്കിടക്കുന്ന അവസ്ഥ ഇത്തരം വകുപ്പുകളിൽ കുറഞ്ഞുവരുന്നതായി കാണുന്നുണ്ട്. എന്നാൽ നിയമപരവും സാങ്കേതികമായും തടസ്സമുള്ള ഫയലുകൾ പെട്ടെന്ന് തീർപ്പാക്കാൻ കഴിയാതെ വരുന്നുണ്ട്. എന്നാൽ ഇത്തരം ഫയലുകളൊഴികെ നിയമപരമായ മറ്റ് തടസ്സങ്ങളില്ലാത്തതും സങ്കീർണ്ണമായ നടപടിക്രമങ്ങൾ ആവശ്യമില്ലാത്തതുമായ അപേക്ഷകളിന്മേലും പരാതികളിന്മേലും സമയപരിധിയ്ക്കുള്ളിൽ തീരുമാനമെടുത്ത് തീർപ്പാക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly